**അറിയിപ്പ്**

**പരിശീലന പരിപാടി**

<u>മി. സ്പീക്കർ</u>: നാം ഇ-നിയമസഭയിലേയ്ക്ക് പ്രവേശിച്ച സാഹചര്യത്തിൽ അതിന്റെ പരിശീലന പരിപാടികൾ തുടർച്ചയായി ലഭ്യമാണ്. സഭാ സമ്മേളനം പിരിഞ്ഞതിനുശേഷം ഇന്നും ആവശ്യമായ അംഗങ്ങൾക്ക് പരിശീലന പരിപാടികളുണ്ടാകും. അതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ട്. അടുത്തയാഴ്ചയിൽ ഏത് സമയത്ത് വന്നാലും സാമാജികർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ പങ്കാളികളാകാം. ഏതായാലും ഇത് ഉപയോഗിച്ചു തുടങ്ങിയപ്പോൾ നല്ല അന്തരീക്ഷം ഉണ്ടായിട്ടുണ്ട്. സ്പീക്കറുമായി ചാറ്റുചെയ്യാൻ കുറെ അംഗങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സഭയിലെ എല്ലാ അംഗങ്ങളും ചാറ്റ് ചെയ്താൽ മറുപടി പറയൽ അത്ര എളുപ്പമായിരിക്കില്ല. അതുകൊണ്ട് അത്യാവശ്യ കാര്യങ്ങൾക്കുമാത്രം ചാറ്റ് ചെയ്യുന്നതാണ് നല്ലത്.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.56-ന് പിരിഞ്ഞു.)